
പുസ്തകനിരൂപണം

# സർഗ്ഗാത്മകത ചാർത്തി നിൽക്കുന്ന മുഖക്കുറികൾ

**സുധീർ പണിക്കവീട്ടിൽ**




അമ്മയുടെ പര്യായപദത്തിൽ (ജനനി) അറിയപ്പെടുന്ന മാസികയിലെ പത്രാധിപക്കുറിപ്പുകൾ/മുഖപ്രസംഗങ്ങൾ ശേഖരിച്ച് പുസ്തകരൂപത്തിലാക്കിയപ്പോൾ തുടക്കം അമ്മയെപ്പറ്റി തന്നെയായത് അനുയോജ്യമായി. പുസ്തകം സമർപ്പിച്ചിരിക്കുന്നത് അമ്മയ്ക്കും, അമ്മമാർക്കുമാണ്. ഇതേ തുടർന്നു അമ്പത്തിരണ്ടു ലേഖനങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകത്തിലെ പത്ത് ലേഖനങ്ങൾ സ്ത്രീയെക്കുറിച്ചാണ്. ഈ ലേഖനങ്ങളിലെല്ലാം തന്നെ, മാതൃത്വത്തിൻെറ മഹനീയത, പുരുഷനോടൊപ്പം സ്ത്രീക്കും തുല്യ അവകാശങ്ങൾ, സ്ത്രീധന സമ്പ്രദായവും, ഗർഭപാത്രം വിലക്ക് വയ്ക്കുന്ന പ്രവണതയും, ശക്തയാണെങ്കിലും സമൂഹത്തിനു തോൽപ്പിക്കാൻ കഴിയുന്ന സ്ത്രീയുടെ നിസ്സഹായതയും, അപമാനിക്കപെടുന്ന സ്ത്രീത്വവും, ബലാത്സംഗത്തിനിരയായി മാതാവാകേണ്ടി വന്ന ഒരു വനിതയുടെ തീരുമാനങ്ങളും വിവരിക്കുന്നു. ഈ ലേഖനങ്ങൾക്ക് പുറകിൽ ഒരു സംഭവമോ, ചരിത്രമോ ഉണ്ടായേക്കാമെങ്കിലും അതോടനുബന്ധിച്ചുണ്ടായ പ്രത്യാഘാതങ്ങൾ പരിണത ഫലങ്ങൾ സമൂഹശ്രദ്ധയിലേക്ക് കൊണ്ടുവരിക എന്ന പത്രധർമ്മത്തിൻെറ കർത്തവ്യം നിറവേറുകയാണീ ലേഖനങ്ങളിലൂടെ. കുറച്ച് വാക്കുകൾ കൊണ്ട് കൂടുതൽ പറയാൻ, അറിയിക്കാൻ അദ്ദേഹത്തിനു കഴിയുന്നു. ഈ പുസ്തകത്തിലെ ഓരോ കുറിപ്പുകളും അതിനുദാഹരണങ്ങളാണ്. ഈ വരികൾ ശ്രദ്ധിക്കുക" "അബല, ചപല തുടങ്ങിയ പര്യായപദങ്ങൾ തന്നെ സ്ത്രീകളോടുള്ള നമ്മുടെ അപക്വമായ മനോഭാവത്തിൻെറ (അടിവരെ ലേഖകൻ) തെളിവല്ലേ?




ദർപ്പണമെന്ന് പുസ്തകത്തിനു. പേരു നൽകിയതിലും ഔചിത്യമുണ്ട്. കണ്ണാടി ബിംബങ്ങളെ പ്രതിഫലിപ്പിക്കുന്നു. എന്നാൽ മുന്നിലുള്ള വസ്തുവിനെ മാത്രമാണു അതു പ്രതിഫലിപ്പിക്കുന്നത്. വസ്തു മാറുമ്പോൾ പ്രതിബിംബം അപ്രത്യക്ഷമാകുന്നു. എന്നാൽ ഈ കണ്ണാടിയിലെ പ്രതിബിംബങ്ങൾ മായുന്നില്ല, മറയുന്നില്ല. അതു ഗ്രന്ഥകർത്താവിന്റെ ഇന്ദ്രജാലം. എന്തെല്ലാം വസ്തുക്കളാണ് കണ്ണാടിക്ക് മുന്നിൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ ഒരു കാര്യം ചിന്തനീയം. വസ്തുക്കൾ മാറിപ്പോയാലും അവയുടെ പ്രതിബിംബങ്ങളെ കണ്ണാടിയിൽ അവശേഷിപ്പിക്കാൻ ഗ്രന്ഥകർത്താവിനു കഴിവുണ്ട്. എങ്ങനെ? ഒന്ന് പരിശോധിച്ച് നോക്കാം.

അമേരിക്കൻ മലയാളിയെ നാടുമായി ബന്ധിപ്പിച്ച് നിറുത്തുന്നതിനോടൊപ്പം തന്നെ പുതുതലമുറക്ക് അവരുടെ മാത്രുഭാഷയോട് ഇഷ്ടം തോന്നുന്നവിധം ഒരു അന്തരീക്ഷം സ്രുഷ്ടിക്കയാണ് ഇത്തരം പ്രസിദ്ധീകരണങ്ങൾ. ഓരോ മാസവും വീട്ടിലെത്തുന്ന ഈ മാസിക ഒന്ന് മറച്ച് നോക്കാനും അതു വായിച്ച് മനസ്സിലാക്കാനുമുള്ള ഒരു ജിജ്ഞാസ അവരിലതുളവാക്കും. ഭാഷയും സംസ്കാരവും ഇഴചേർന്നു നിൽക്കുന്നെങ്കിലും ഭാഷ നഷ്ടപ്പെട്ടാലും സംസ്കാരം നില നിൽക്കും. അമേരിക്കയിൽ വളരുന്ന ഭാരതീയരായ കുട്ടികൾ അവരുടെ മാത്രുഭാഷ മറന്നാലും അവർ ഭാരതീയരായി തന്നെ അറിയപ്പെടും. വാസ്തവത്തിൽ ഭാഷയും, സംസ്കാരവും, ചരിത്രവും, ആത്മീയതയും എല്ലാം ഒരുമിച്ച് ബന്ധപ്പെട്ടിരിക്കുന്നു. ഒരു ഭാഷയും പൂർണ്ണമായി നഷ്ടപ്പെടുന്നില്ല. പത്രാധിപക്കുറിപ്പുകളിൽ ഒന്നിൽ നമ്മൾ ഇങ്ങനെ വായിക്കുന്നു."മലയാളിക്കുട്ടികൾ മലയാളം കൂടി പഠിക്കുന്നത് കൊണ്ട് അവരുടെ സാമൂഹ്യസാംസ്കാരിക വീക്ഷണം കൂടുതൽ വികസിതമാകുന്നു. ഈ ലക്ഷ്യം നേടണമെങ്കിൽ അധ്യയനരീതി അതിനു അനുയോജ്യമായിരിക്കണം." തുടർന്ന് മലയാള പഠനം അമേരിക്കൻ മലയാളിക്കുട്ടികൾക്ക് ആവശ്യമാണെന്നും അതിനുള്ള എളുപ്പ വഴികൾ നിർദ്ദേശിക്കയും ചെയ്യുന്നു. ശരിയാണ് സാംസ്കാരിക വീക്ഷണത്തിൽ ഭാഷാപഠനം കൊണ്ട് മാറ്റങ്ങൾ ഉണ്ടാകും. ഭക്ഷണം കഴിക്കുകയെന്നത് ശരീരത്തിന്റെ ആവശ്യമാണ്. എന്നാൽ എന്തു ഭക്ഷണം കഴിക്കണമെന്നത് അവരുടെ സംസ്കാരത്തിന്റെ പ്രതിഫലനമാണ്.

ഒരു അദ്ധ്യാപകൻ പത്രാധിപരാകുമ്പോൾ അദ്ദേഹത്തിൻെറ കുറിപ്പുകളിൽ തീർച്ചയായും ജനങ്ങളുടെ ഭാവി സുരക്ഷിതമാകണമെന്ന ഒരു സദുപദേശം കാണും. ജനങ്ങളെ ഉദ്ബുദ്ധരാക്കാനും അവർക്ക് അറിവ് പകരാനും അത്തരം പത്രാധിപന്മാർ യത്നിക്കുന്നു. നിസ്സാരവും വ്രുത്തികെട്ടതുമായ കാര്യങ്ങളെ പൊലിപ്പിച്ച് വാർത്തയാക്കുന്ന പ്രവണത,(muckraking) ഉദ്വേഗജനകമായ (sensationalizing) വാർത്തകൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കൽ തുടങ്ങിയ പത്രലോകത്തെ താൽപ്പര്യങ്ങൾ ഒന്നും തന്നെ ഈ പുസ്തകത്തിലെ കുറിപ്പുകളിൽ കാണുകയില്ല. പത്രാധിപ കുറിപ്പുകൾ സമയോചിതവും, സാഹചര്യങ്ങളെ വിലയിരുത്തുന്നതുമാകണമെന്ന ഗ്രന്ഥകർത്താവിൻെറ തീരുമാനങ്ങൾ പ്രകടമാണ്. നന്മകൾ ചെയ്യുന്നത് ഈശ്വരസേവയാണെന്ന് വിശ്വസിച്ചിരുന്ന ബെഞ്ചമിൻ ഫ്രാങ്ക്ലിനെ ഈ കുറിപ്പുകൾ ഓർമ്മിപ്പിക്കുന്നു. ധാർമ്മിക ബോധം ജനങ്ങളിൽ ഉണ്ടാക്കുവാൻ തൻെറ കുറിപ്പുകൾക്ക് (അദ്ദേഹം പത്രാധിപരും അച്ചടിക്കരനും കൂടിയായിരുന്നു) കഴിയുമെന്ന് ഫ്രാങ്ക്ലിൻ ഉറപ്പായി വിശ്വസിച്ചിരുന്നു. നല്ലത് ചെയ്ത് നന്മയുള്ളവരായിരിക്കുകയെന്ന അദ്ദേഹത്തിൻെറ ഉപദേശം ആദരണീയനായ ജെ. മാത്യൂസ് സാറും തൻെറ പ്രവർത്തനത്തിലൂടെ പിൻ തുടരുന്നു.

മുഖപ്രസംഗങ്ങൾ ഒരു സമൂഹത്തിൻെറ ആത്മാവിഷ്ക്കാരങ്ങളാണ്. പത്രങ്ങൾ സമൂഹത്തിൻെറ മനസ്സാക്ഷി സൂക്ഷിപ്പുകാരും. അതുകൊണ്ടാണു മുഖപ്രസംഗങ്ങൾക്ക് പ്രാധാന്യമേറുന്നത്. ഈ പുസ്തകത്തിലെ മുഖപ്രസംഗങ്ങൾ, പത്രാധിപക്കുറിപ്പുകൾ അങ്ങനെ ഏതു വകുപ്പുകളിൽ ഉൾപ്പെടുത്തിയാലും ഇവയെല്ലാം സാഹിത്യപരമായ പത്രലേഖനങ്ങളായി വായനക്കാർക്കനുഭവപ്പെടും. പത്രാധിപക്കുറിപ്പുകളുടെ നിബന്ധനപ്രകാരമുള്ള ദൈർഘ്യത്തിൽ അവയെ ഒതുക്കിയിട്ടുണ്ടെങ്കിലും ഓരോ മുഖകുറികളും സർഗാത്മകത ചാർത്തി നിൽക്കുന്നു. ഈ കുറിപ്പുകളെല്ലാം വിദേശത്ത് നിന്നിറങ്ങുന്ന ഒരു സാഹിത്യ മാസികയിലേതാണെന്നുള്ളത് കൊണ്ട് കൂടിയായിരിക്കം പത്രഭാഷയേക്കാൾ സ്രുഷ്ടിപരവും, സർഗാത്മകവുമായ ഭാഷ ഉപയോഗിച്ചിരിക്കുന്നത്. തന്നെയുമല്ല വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിലും പത്രാധിപർ സൂക്ഷ്മത പാലിക്കുന്നുണ്ട്.

അമേരിക്കയിൽ ജീവിക്കുന്ന മലയാളികൾക്ക് അമേരിക്കയിലെ വിവരങ്ങൾ അറിയാൻ ഇവിടത്തെ പത്ര-ദ്രുശ്യ മാധ്യമങ്ങൾ അനവധിയാണ്. അമേരിക്കൻ മലയാളികളുടെ ഭാഷയും സംസ്കാരവും പൈത്രുകവും കാത്ത് സൂക്ഷിക്കുന്നതിൽ അവരെ ബോധവത്കരിക്കയും അറിവ് പകരുകയുമാണ് ചെയ്യേണ്ടതെന്ന് പത്രാധിപർ മനസ്സിലാക്കുന്നു. അതുകൊണ്ട് അദ്ദേഹം അവിടത്തെ മലയാളി സമൂഹത്തിൻെറ പ്രശ്നങ്ങൾ, നാടുമായി ബന്ധപ്പെടുമ്പോൾ അഭിമുഖീകരിക്കെണ്ടി വരുന്ന വെല്ലുവിളികൾ, കേരളത്തിൽ പ്രതിദിനം സംഭവിച്ച്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ വികസനങ്ങൾ എന്നിവയിലേക്ക് വിരൽ ചൂണ്ടുന്ന വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നു. സമൂഹത്തിലെ വിനാശകരമായ പ്രവണതകൾക്കെതിരെ നിശിതമായ വിമർശനങ്ങൾ ഈ കുറിപ്പുകളിൽ

പ്രകടമാണ്. ''സ്വതന്ത്രമാധ്യമങ്ങൾ നാം അറിയേണ്ട വാർത്തകൾ നമ്മേ അറിയിക്കുന്നുണ്ടോ? വാർത്തകൾക്ക് രൂപഭേദവും നിറമാറ്റവും സംഭവിക്കുന്നോ? ചില പ്രത്യേക താൽപ്പര്യങ്ങൾക്ക് വേണ്ടി നടക്കാത്ത കാര്യങ്ങൾ വാർത്തകളായി ജനിക്കാറുണ്ടോ?'' ഇങ്ങനെ ചോദിച്ച്കൊണ്ട് അതിനു മറുപടി ഉണ്ടെന്നു അദ്ദേഹം അറിയിക്കുന്നു. വിൻസ്റ്റൺ ചർച്ചിൽ ഉപയോഗിച്ച ശൈലിയിൽ മേൽപ്പറഞ്ഞവയെല്ലാം ഒരു ഇരുമ്പ്മറയിൽ മരവിച്ച് പോകുന്നുണ്ടത്രെ. അദ്ദേഹം തുറന്നെഴുതുന്നു; സ്വതന്ത്ര മാധ്യമങ്ങൾ എന്നറിയപ്പെടുന്നവയും വാർത്തകളുടെ കാര്യത്തിൽ സ്വതന്ത്രമല്ല. ഈ വിമർശനത്തിലൂടെ സ്വയം ആ പ്രവണതകളിൽ നിന്നും താൻ സ്വതന്ത്രനാണെന്നും പത്രധർമ്മനുസരിച്ചുള്ള വസ്തുനിഷ്ഠമായ എല്ലാ വാർത്തകളും, പൂർണ്ണമായ വിശകലനത്തിനു ശേഷം വായനകാർക്ക് എത്തിച്ച്കൊടുക്കുമെന്നുള്ള ശുഭാപ്തി വിശ്വാസം അദ്ദേഹം നൽകുന്നു.

ഒരു എഴുത്തുകാരന്റെ സത്യസന്ധതയും പത്രകാരന്റെ ധർമ്മവും ഒന്നിച്ച് ചേരുന്ന ഒരു അനുഭവമാണു ഈ കുറിപ്പുകൾ നൽകുന്നത്. മാത്രമല്ല പത്രാധിപർ മലയാളിയാണ്, അദ്ദേഹം അദ്ധ്യാപകനായി ജോലിയിൽ നിന്ന് വിരമിച്ച വ്യക്തിയാണ്. മലയാളം വിദേശമലയാളി കുട്ടികൾ പഠിക്കണമെന്നു നിർബന്ധമുള്ള അദ്ധ്യാപകനും കൂടിയാണ്. അതുകൊണ്ട് ഒരു മലയാളിയെന്ന നിലയിലും മലയാളി സമൂഹത്തിന്റെ പ്രതിനിധി എന്ന നിലയിലും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്ക് വിശ്വസനീയത കൈവരുന്നു. പത്രമാധ്യമങ്ങളുടെ വാണിജ്യസ്വഭാവമുള്ള പത്രാധിപക്കുറിപ്പുകളിൽ നിന്നും ഇവ വേറിട്ടു നിൽക്കുന്നു. രചനയിൽ, ഘടനയിൽ, നിരീക്ഷണങ്ങളിൽ, നിഗമനങ്ങളിൽ, വിശകലനങ്ങളിൽ അങ്ങനെ എല്ലാറ്റിലും വിശിഷ്ടമായ സ്ഥാനം അലങ്കരിക്കുന്നു. ഈ മാസിക അമേരിക്കൻ മലയാളിവായനകാർക്ക് വേണ്ടിയാണെന്നുള്ളത്കൊണ്ട് ഭാരതീയ സംസ്കാരവും, പ്രവാസജീവിതത്തിനിടയിൽ ഓർമ്മിക്കേണ്ട കാര്യങ്ങളും, കുടുംബബന്ധങ്ങളും, ഭാവിതലമുറയെ കരുപ്പിടിപ്പിക്കുന്നതും മറ്റും തന്റേതായ കാഴ്ച്ചപ്പാടിലൂടെ ആവിഷ്കരിക്കുന്നു.

ചിലപ്പോൾ പത്രാധിപർ ഒരു ക്രാന്തദർശിയാകുന്നതും, ക്രുദ്ധനാകുന്നതും കാണാം. അസമത്വങ്ങളും, അരുതായ്കകളും മുന്നിൽ കാണുമ്പോൾ രോഷം കൊള്ളുന്നെങ്കിലും പരിഹാര മാർഗങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. കേരളത്തിലെ പുഴകൾ വറ്റിച്ച് ബഹുരാഷ്ട്ര കമ്പനികൾ കോള എന്ന പാനീയം ഉണ്ടാക്കുന്നതിനെതിരെ അദ്ദേഹം ചോദിക്കുന്നത് കേരളത്തിൽ ധാരാളം കിട്ടുന്ന മമ്പഴവും, പൈനാപ്പിളും, കശുമാങ്ങയും ഉപയോഗിച്ച് പാനീയം ഉണ്ടാക്കാമെന്നാണു. അല്ലെങ്കിൽ ശുദ്ധമായ കരിക്കിൻ വെള്ളം ഉപയോഗപ്പെടുത്തികൂടെയെന്നാണ്. അദ്ദേഹം ആ അഭിപ്രായത്തെ ഇങ്ങനെ ഉറപ്പിക്കുന്നു. അവ ഉണ്ടാക്കണം, വിൽക്കണം, കുടിക്കണം. വാടകക്ക് കൊടുക്കുന്ന ഗർഭപാത്രങ്ങൾ ഭാവിയിൽ ശിശുക്കളെ ക്രയവിക്രയം ചെയ്യുന്ന അല്ലെങ്കിൽ അവയവങ്ങൾ വിലപേശി വിൽക്കുന്ന ദുരന്തത്തിൽ കലാശിച്ചേക്കാമെന്നു അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു. ചില

പത്രാധിപക്കുറിപ്പുകളിൽ കാണുന്നത് ശക്തവും, ധീരവുമായ ചോദ്യങ്ങളാണ്. ”ആയിരങ്ങൾ അനുദിനം സത്യാന്വേഷണത്തിനെത്തുന്ന മഹാത്മജിയുടെ സബർമതി ആശ്രമത്തിൻെറ അവകാശക്കുത്തക ആഗോളശക്തികളിൽ ആരു ഇനി അവകാശപ്പെടും“. പെൺഭ്രൂണഹത്യ മാത്രുഹത്യക്ക് തുല്ല്യമാണ്. അമേരിക്കയിലെ സാംസ്കാരിക സംഘടനകളുടെ കുറ്റകരമായ നിഷ്ക്രിയത്വം മൂലം ജാതിമത സംഘടനകൾ തഴച്ച് വളരുന്നു” “കേരളം ഭാഷാപരമായി ഉത്തമപൗരുഷം നഷ്ടപ്പെട്ട നാട്” . വിമോചനസമരം പിൽക്കാലത്ത് മാത്രുകയായി സ്വീകരിച്ച് പല അക്രമങ്ങൾക്ക് അതു വഴികാട്ടി. “നിങ്ങൾ ഏതു പള്ളിയിൽ പോകുന്നു എന്ന അരോചക ചോദ്യം. എന്തുകൊണ്ട് സ്ത്രീകളെ മാത്രം കല്ലെറിയുന്നു?” പിന്നീട് ശാന്തനും സ്നേഹസമ്പന്നനുമാകുന്ന ഗുരുവായികൊണ്ട് ഉപദേശങ്ങൾ നൽകുന്നു. “തെറ്റുകൾ ആർക്കും പറ്റും. തിരുത്തുന്നതാണു ധീരത. ശിക്ഷക്ക് മുമ്പേ വേണ്ടത് ശിക്ഷണമാണ്.ഹ്രുദയ തുടിപ്പ് അയൽക്കാരനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്ന മണിനാദമായി മുഴങ്ങുന്നുവെങ്കിലേതു പള്ളിയിൽ പോയാലെന്തു. ഒരു പള്ളിയിലും പോയില്ലെങ്കിലെന്ത്? സ്വന്തം കണ്മുന്നിൽ അരങ്ങേറുന്ന ജീവിത നാടക രംഗങ്ങൾ ക്രുദ്ധനാക്കുമ്പോൾ നമ്മൾ കേട്ട് ശീലിച്ച പ്രയോഗങ്ങൾ മാറിപ്പോയിയെന്ന് നമ്മെ അറിയിക്കുന്നു. ഉദാഃ “സ്വന്തം പാപം മറച്ച് വയ്ക്കാൻ ആരേയും കല്ലേറി യാം.” ചുരുക്കം പേർക്ക് വേണ്ടി ചിലരാൽ തെരഞ്ഞെടുക്കപ്പെട്ട ചിലരുടെ ഭരണകൂടമാണിന്ന് ജനാധിപത്യം. എൻെറ ജാതി, എൻെറ മതം, എൻെറ ദൈവം.’’

ഈ കുറിപ്പുകൾക്ക് എല്ലാം ഒരു ആഗോള വീക്ഷണ സ്വഭാവമുണ്ട്. ഇന്ന് മനുഷ്യൻ ലോകപൗരനാണു. ഒരു രാജ്യം അവനു പൗരാവകാശം നൽകുമ്പോഴും ലോകമെമ്പാടും നടക്കുന്ന സംഭവങ്ങളുടെ അലകൾ അവനേയും തൊട്ടുപോകുന്നു. ജലവും, വായുവും, ഗർഭപാത്രവുമൊക്കെ വിൽപ്പനചരക്കാവുന്നത് ഒരു രാജ്യത്തിൻെറ മാത്രം പ്രശ്നമല്ലെന്നു തൻെറ കുറിപ്പുകളിലൂടെ അദ്ദേഹം വ്യക്തമാക്കുന്നു. ഇക്കാലത്ത് ലോകത്തെവിടേയും വാർത്തയെത്തിക്കാൻ നിമിഷം മതി. മേഘവും മയൂഖവും വേണ്ട. വാത്താവിനിമയത്തിൽ വിപ്ലവകരമായ സാങ്കേതിക വികാസം ലോകജനതയുടെ പ്രതികരണവേഗതയിൽ വിസ്മയകരമായ വ്യതിയാനം വരുത്തിയെന്നു അദ്ദേഹം എഴുതുന്നു. (പേജ് 25).

പത്രാധിപർ വിദ്യാഭ്യാസ യോഗ്യതയുള്ളവനും അദ്ദേഹത്തിൻെറ അറിവ് ഫലപ്രദമായി ഉപയോഗിക്കാൻ പ്രാപ്തിയുള്ളവനുമാകണമെന്ന് ഈ കുറിപ്പുകൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. പലപ്പോഴും ചരിത്രത്തിൻെറ ഏടുകൾ വർത്തമാനകാലവുമായി ചേർത്തുവച്ച് അദ്ദേഹം നമ്മോട് പറയുന്ന കാര്യങ്ങൾ വളരെ വിശ്വസനീയമായ വിധത്തിൽ, പലപ്പോഴും ഗൗരവതരമായ നർമ്മത്തിൽ ചാലിച്ച്കൊണ്ടാണു. (വൻകിട കമ്പനികൾ കൽപ്പിക്കുന്ന വിലയ്ക്ക് ജലവും, വായുവും വാങ്ങി ഉപയോഗിക്കാൻ ജനങ്ങൾക്ക് **സ്വാതന്ത്ര്യമുണ്ട്**.) ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങൾക്ക് തൻേറതായ അല്ലെങ്കിൽ തങ്ങൾ പിന്താങ്ങുന്ന ഭരണകക്ഷിയുടെ, വിഭാഗത്തിൻെറ പ്രീതി സമ്പാദനത്തിനായി സമൂഹത്തെ ആളിപ്പടർത്തുന്ന പത്രാധിപക്കുറിപ്പുകളിൽ നിന്നും ഈ കുറിപ്പുകൾ തനതായ ഒരു മാനം സ്രുഷ്ടിക്കുന്നു. ഈ കുറിപ്പുകൾ ഒരു

സാഹിത്യരചനപോലെ, കഥപോലെ, ഓർമ്മക്കുറിപ്പുകൾ പോലെ, ഒരു തൊട്ടുണർത്തൽ പോലെ, ഒരു മാർഗനിർദേശം പോലെ ആവിഷ്ക്കരികുകയെന്ന രചനാതന്ത്രം കൊണ്ട് സമ്പന്നമാണ്. സ്വയം ഭാഗമായിരിക്കുന്ന ഒരു സമൂഹത്തിലെ ചില സംഭവങ്ങൾ അത്തരം സംഭവങ്ങളെ നയിച്ച സാഹചര്യങ്ങൾ മനസ്സിലാക്കി അതിൽ മുഴുകുന്നു പത്രാധിപർ. അങ്ങനെ ചെയ്യുമ്പോൾ ലഭിക്കുന്ന അനുഭവങ്ങൾ അദ്ദേഹം വിവരിക്കുന്നു. അത്തരം രചനകൾ ക്രുത്യമായതും, ഗവേഷണവിധേയമായതും ,വായിക്കാൻ രസകരവുമാകുന്നു.

വിദേശഭൂമിയിൽ മുഖ്യധാര പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ച് സ്വദേശഭാഷയിൽ ഇറക്കുന്ന പത്രങ്ങൾക്ക് ഒത്തിരി വെല്ലുവിളികൾ ഉണ്ട്. അവർക്ക് സ്വന്തം നാട്ടിലും അവർ വസിക്കുന്ന നാട്ടിലും ഉണ്ടാകുന്ന സംഭവവികാസങ്ങളെ സുസൂക്ഷം നിരീക്ഷണം ചെയ്തുകൊണ്ടേയിരിക്കേണ്ടി വരുന്നു. വാർത്തകൾ കിട്ടിയാൽ തന്നെ അവയുടെ നിജസ്ഥിതി അന്വേഷിച്ച് ഉറപ്പുവരുത്തുകയെന്ന ഉത്തരവാദിത്വവും അവരിൽ നിക്ഷിപ്തമാണ്. സത്യവും മിഥ്യയും വാർത്തകളിൽ കൂടികലരുക സ്വാഭാവികമാകയാൽ സത്യസന്ധമായ വാർത്തകൾ വായനകാരിലെത്തിക്കാൻ പത്രാധിപരുടെ ബുദ്ധിയും സാമർത്ഥ്യവും വളരെ പ്രധാനമാണു. ഈ പുസ്തകത്തിലെ കുറിപ്പുകൾ വായിക്കുമ്പോൾ പത്രാധിപർ തന്നിലർപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ വിദഗ്ധമായി നിർവഹിച്ചിട്ടുള്ളതായി നമ്മൾ മനസ്സിലാക്കുന്നു.

വായനകാർക്ക് നിരൂപണപരമായി മനനം ചെയ്യാനുള്ള പ്രചോദനം, അതേസമയം പരപ്രേരണ കൂടാതെ പ്രതികരിക്കാനുള്ള തൻേറടം നൽകുക എന്നിവ പത്രധർമ്മത്തിൻെറ കാതലായ ലക്ഷ്യങ്ങളാണ്. പലപ്പോഴും ഭരണാധികാരികളുടെ ഇഷ്ടങ്ങൾക്കൊപ്പം പത്രങ്ങൾ അവരുടെ ആദർശങ്ങളെ ബലി കഴിക്കുന്നത് സാധാരണയാണെങ്കിലും നല്ല പത്രാധിപന്മാർ അങ്ങനെ സ്വാധീനിക്കപ്പെടാറില്ല. അവർ നിർഭയരായി, സത്യസന്ധരായി എഴുതുന്നു. അവരെ പുതിയ തലമുറ പിൻതുടരുന്നു. ദൈനംദിന സംഭവവികാസങ്ങളെ നിരീക്ഷണം ചെയ്ത് അതു വിശദീകരിച്ച്, വ്യാഖ്യാനം ചെയ്ത് സമൂഹത്തെ ബോധവൽക്കരിക്കയാണ് നല്ല പത്രാധിപരുടെ ലക്ഷ്യം. ചിലപ്പോൾ ഒരു നിയമത്തെ അല്ലെങ്കിൽ ഒരു ഭരണപരിഷ്ക്കാരത്തെ നിശിതമായി വിമർശിക്കയും, അത്തരം വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നു നിർദേശിക്കയും അവർ ചെയ്യുന്നു. നല്ല് പത്രാധിപത്യത്തിൻ കീഴിലുള്ള പത്രങ്ങൾക്ക് ഒരു രാഷ്ട്രത്തിൻെറ ഭാവി തീരുമാനിക്കുന്നതിൽ വരെ ഗണ്യമായ പങ്കു വഹിക്കാൻ കഴിയും. സശ്രദ്ധം ഈ പത്രാധിപക്കുറിപ്പുകൾ വായിക്കുന്ന അമേരിക്കൻ മലയാളിക്ക് മനസ്സിലാക്കാൻ ഒത്തിരി കാര്യങ്ങൾ ഉണ്ട്. ഓരൊ പ്രവാസിക്കും അൽപ്പമിരുന്ന് ചിന്തിക്കാൻ വക നൽകുന്ന വിഷയങ്ങളുടെ ഉൽക്രുഷ്ടമായ അവതരണമാണീ പുസ്തകം. കാലഹരണപ്പെട്ടുപോകാത്ത വിഷയങ്ങളെ അപഗ്രഥിച്ചെഴുതിയ ഈ ലേഖനങ്ങൾ തലമുറകളെ സ്വാധീനിക്കയും അവർക്ക് പ്രയോജനകരവുമാകും. പുസ്തകത്തിൻെറ

കോപ്പിക്കായി ശ്രീ ജെ മാത്യൂസ് സാറുമായി ബന്ധപ്പെടുക. ഫോൺ 914-450-1442/jamthews335@gmail.com.

**ശുഭം**